# U.S.S. Examination - February, 2018

Roll No. [redacted]

| Paper - II | Part - C |
|---|---|

| Question Paper Code | Area/Subjects | No. of Questions | Sl. No. of Questions | Sl. No. of Pages |
|---|---|---|---|---|
| 203 M | Social Science (Malayalam Medium) | 20 | 36 to 55 | 3 to 6 |

Space for Rough Work - Page No. : **2 and 7**

Instructions - Page No. : **1 and 8**

## നിർദ്ദേശങ്ങൾ

**ചോദ്യബുക്ക്‌ലെറ്റിന്റെ കവർ പേജിലും, ഒ.എം.ആർ. ഷീറ്റിലും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വളരെ ശ്രദ്ധയോടെ വായിക്കണമെന്ന് അനുശാസിക്കുന്നു.**

1. പരീക്ഷാസമയമായ 1½ മണിക്കൂറിന് പുറമേയുള്ള 15 മിനിട്ട് ''കൂൾ ഓഫ് ടൈം'' ആയിരിക്കും.
2. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതാനും മറ്റുള്ളവരുമായി ആശയവിനിമയം നടത്താനും പാടില്ല.
3. ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
4. പേപ്പർ രണ്ടിൽ **അമ്പത്തിയഞ്ച്** (55) ചോദ്യങ്ങൾ ഉണ്ടായിരിക്കും. എല്ലാ ചോദ്യങ്ങൾക്കും കുട്ടികൾക്ക് ഉത്തരമെഴുതാവുന്നതാണ്. **പാർട്ട് എ ഇംഗ്ലീഷ് - 15** ചോദ്യങ്ങൾ - എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. **പാർട്ട് - ബി - അടിസ്ഥാന ശാസ്ത്രം** - 20 ചോദ്യങ്ങൾ - **(ശരിയായി ഉത്തരമെഴുതിയ 15 ചോദ്യങ്ങളുടെ മാർക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ.) പാർട്ട് - സി - സാമൂഹ്യശാസ്ത്രം** - 20 ചോദ്യങ്ങൾ - **(ശരിയായി ഉത്തരമെഴുതിയ 15 ചോദ്യങ്ങളുടെ മാർക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ.)** (പേപ്പർ-2 ആകെ ചോദ്യങ്ങൾ 55 ആകെ മാർക്ക് - **45** )
5. ഉത്തരങ്ങൾക്ക് നെഗറ്റീവ് മാർക്ക് (മൈനസ് മാർക്ക്) ഉണ്ടായിരിക്കുന്നതല്ല.
6. ഉത്തരമെഴുതുവാൻ ഒ.എം.ആർ. ഷീറ്റിലും, ചോദ്യപേപ്പറിലും തന്നിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും അനുസരിക്കണമെന്ന് പരീക്ഷാർത്ഥികളെ അനുശാസിക്കുന്നു.
7. ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പായി ഒ.എം.ആർ. ഷീറ്റിന്റെ മുകൾഭാഗത്തുള്ള കളങ്ങൾ പൂരിപ്പിക്കുക.
8. ഒ.എം.ആർ. ഷീറ്റിൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുന്നതിന് നീല മഷിയോ, കറുപ്പ് മഷിയോ ഉള്ള ബോൾ പോയിന്റ് പേനകൾ മാത്രം ഉപയോഗിക്കുക.
9. ഒ.എം.ആർ. ഷീറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തിവിവരങ്ങളോ, അടയാളങ്ങളോ രേഖപ്പെടുത്തുവാൻ പാടില്ല. അങ്ങനെ എന്തെങ്കിലും ചെയ്താൽ അവരുടെ ഒ.എം.ആർ. ഷീറ്റ് റദ്ദാക്കുന്നതാണ്. ഇക്കാര്യത്തിൽ പരീക്ഷാഭവൻ സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും.

# PAPER - II
# PART - C
## Social Science (Malayalam Medium)
## Question Numbers 36 to 55

തന്നിട്ടുള്ള 20 ചോദ്യങ്ങളിൽ ഏതെങ്കിലും 15 എണ്ണത്തിന് ഉത്തരമെഴുതുക.

36. മേഘങ്ങളിൽ നിന്നുള്ള ജലത്തുള്ളികൾ തണുത്തുറഞ്ഞ് മഞ്ഞുകട്ടകളായി വീഴുന്ന പ്രതിഭാസം :

(A) മഞ്ഞ്

(B) മഴ

(C) വർഷണം

(D) ആലിപ്പഴം

37. ഇന്ത്യയിൽ റോഡ് - റെയിൽ - ജലഗതാഗത സംവിധാനങ്ങൾ മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്ന ഭൂപ്രകൃതി വിഭാഗം :

(A) ഉത്തരമഹാസമതലം

(B) തീരസമതലം

(C) ഉപദ്വീപീയ പീഠഭൂമി

(D) ഉത്തരപർവതമേഖല

38. ഭഗത് സിങ്ങിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സംഘടന :

(A) ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ

(B) ഗദർ പാർട്ടി

(C) ഇന്റർ നാഷണൽ ആർമി

(D) കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി

39. പരുത്തികൃഷിക്ക് അനുയോജ്യമായ മണ്ണ് :

(A) കറുത്ത മണ്ണ്

(B) ചെമ്മണ്ണ്

(C) പർവ്വത മണ്ണ്

(D) എക്കൽ മണ്ണ്

40. താഴെ കൊടുത്തിരിക്കുന്ന ചരിത്ര സംഭവങ്ങൾ കാലഗണന ക്രമത്തിലാക്കുക.

(1) വാഗൺ ട്രാജഡി

(2) ജാലിയൻ വാലാബാഗ് കൂട്ടക്കൊല

(3) വൈക്കം സത്യാഗ്രഹം

(4) ചൗരി ചൗര സംഭവം

(A) (1), (2), (3), (4)

(B) (2), (4), (1), (3)

(C) (2), (1), (3), (4)

(D) (2), (1), (4), (3)

41. സൂറത്തിൽ വാണിജ്യകേന്ദ്രം സ്ഥാപിച്ച വിദേശശക്തി :

(A) പോർച്ചുഗീസുകാർ

(B) ഇംഗ്ലീഷുകാർ

(C) ഫ്രഞ്ചുകാർ

(D) ഡച്ചുകാർ

42. 2017 നവംബറിൽ കേരളത്തീരത്ത് ആഞ്ഞുവീശിയ ചുഴലിക്കാറ്റ് :

(A) ഓഖി

(B) കത്രീന

(C) ഗോനു

(D) ഹുദ്ഹുദ്

43. തെറ്റായ ജോഡി കണ്ടെത്തുക.

(A) വൈകുണ്ഠസ്വാമികൾ – സമത്വസമാജം

(B) അയ്യങ്കാളി – സാധുജനപരിപാലന സംഘം

(C) വക്കം അബ്ദുൾഖാദർ മൗലവി – മുസ്ലീം ഐക്യ സഭ

(D) കുമാര ഗുരുദേവൻ – ആത്മവിദ്യാസംഘം

44. എഴുതപ്പെടാത്ത ഭരണഘടനയുള്ള രാജ്യം :

(A) ആസ്ത്രേലിയ

(B) ബ്രസീൽ

(C) ബ്രിട്ടൺ

(D) ഇന്ത്യ

45. സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ ആനിബസന്റ് ആരംഭിച്ച പത്രം :

(A) കോമൺവീൽ

(B) സമ്പദ്കൗമുദി

(C) ഉദ്ബോധനം

(D) ഗുലാംഗിരി

46. ഇന്ത്യയുടെ തീരപ്രദേശങ്ങളിൽ കാണപ്പെടുന്ന പ്രധാന മണ്ണിനങ്ങൾ :

(A) ലാറ്ററൈറ്റ് മണ്ണ്, എക്കൽ മണ്ണ്

(B) പർവ്വതമണ്ണ്, കറുത്ത മണ്ണ്

(C) പർവ്വതമണ്ണ്, എക്കൽമണ്ണ്

(D) ചെമ്മണ്ണ്, കറുത്ത മണ്ണ്

47. താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവന വായിക്കുക.

(1) പശ്ചിമഘട്ടത്തിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും നിത്യഹരിത വനങ്ങൾ കാണപ്പെടുന്നു.

(2) ഇന്ത്യൻ ഉപദ്വീപിലെ കൂടുതൽ പ്രദേശങ്ങളിലും ഇലപൊഴിയും കാടുകളാണ് ഉള്ളത്.

– താഴെചേർത്ത പ്രസ്താവനകളിൽ അനുയോജ്യമായത് കണ്ടെത്തുക.

(A) പ്രസ്താവന (1) മാത്രം ശരിയാണ്

(B) പ്രസ്താവന (2) മാത്രം ശരിയാണ്

(C) പ്രസ്താവന (1) ഉം (2) ഉം ശരിയാണ്

(D) പ്രസ്താവന (1) ഉം (2) ഉം തെറ്റാണ്

48. പൊതുവിദ്യാലയങ്ങളുടെ സവിശേഷ പ്രവർത്തനങ്ങൾ പൊതു സമൂഹത്തെ അറിയിക്കുന്നതിനായി ദൂരദർശൻ ചാനലിൽ പ്രദർശിപ്പിക്കുന്ന റിയാലിറ്റിഷോ :

(A) ഹരിത കേരളം

(B) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

(C) വേനൽപച്ച

(D) ഹരിതവിദ്യാലയം

49. ഉപദ്വീപീയ നദികളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന :

(A) അതിവിസ്തൃതമായ വൃഷ്ടി പ്രദേശം

(B) വർഷം മുഴുവൻ ജലസമൃദ്ധം

(C) ഉൾനാടൻ ജലഗതാഗതത്തിന് അനുയോജ്യം

(D) മഴയെമാത്രം ആശ്രയിച്ച് ഒഴുകുന്നവ

50. രാജ്യസഭാംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ട പ്രസിദ്ധ കായികതാരം :

(A) സച്ചിൻ തെണ്ടുൽക്കർ

(B) പി.ടി. ഉഷ

(C) സുരേഷ് ഗോപി

(D) വിരാട് കോഹ്‌ലി

51. താഴെ ചേർത്തവയിൽ യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയിലെത്തിയ ശരിയായ ക്രമം സൂചിപ്പിക്കുന്നതേത് ?

(A) പോർച്ചുഗീസുകാർ, ഇംഗ്ലീഷുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ

(B) ഡച്ചുകാർ, പോർച്ചുഗീസുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ

(C) ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ, ഡച്ചുകാർ, പോർച്ചുഗീസുകാർ

(D) പോർച്ചുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ

52. തെറ്റായ ജോഡി കണ്ടെത്തി എഴുതുക.

(A) ബൊക്കാച്ചിയോ – ദക്കാമെറൺ

(B) മൈക്കലാഞ്ചലോ – അന്ത്യവിധി

(C) കോപ്പർ നിക്കസ് – ടെലസ്കോപ്പ്

(D) ജോൺ കെയ് – ഫ്ളയിംഗ്ഷട്ടിൽ

53. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന :

(A) ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുത്തു

(B) ക്ഷേത്രത്തിലേക്കുള്ള വഴിയിലൂടെ സഞ്ചരിക്കുവാൻ അവർണരെ അനുവദിച്ചു

(C) ക്ഷേത്രം എല്ലാ ജനവിഭാഗങ്ങൾക്കും ആരാധനക്കായി തുറന്നുകൊടുത്തു

(D) സവർണ്ണജാഥ നടത്തുവാൻ അനുവാദം നൽകി

54. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലിക അവകാശങ്ങളിൽ ഉൾപെടാത്തത് :

(A) സ്വത്ത് സമ്പാദിക്കുന്നതിനുള്ള അവകാശം

(B) സമത്വത്തിനുള്ള അവകാശം

(C) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

(D) ചൂഷണത്തിനെതിരെയുള്ള അവകാശം

55. അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബത്തിന് ലഭിക്കുന്ന ആനുകൂല്യം :

(A) മാസം 10 കിലോ അരി സൗജന്യമായി

(B) ബാങ്ക്‌വായ്പ്പക്ക് സബ്സിഡി

(C) മാസം 3 രൂപ നിരക്കിൽ 35 കിലോ അരി

(D) 100 ദിവസത്തെ തൊഴിലുറപ്പ്

-oOo-